ശ്രീ. സി. കണ്ണൻ: കഴിഞ്ഞ 1968 സെപ്റ്റംബർ മാസത്തിൽ നടന്ന കേന്ദ്രഗവൺമെന്റു ജീവനക്കാരുടെ പണിമുടക്കിനെ തുടർന്ന് സസ്പെൻഷനിൽ നിൽക്കുന്നവരേയും ഡിസ്മസ് ചെയ്തവരെയും പറ്റി ഈ ഗവൺമെന്റിന് വല്ല വിവരവുമുണ്ടോ? ഉണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റു വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: എണ്ണത്തെപ്പറ്റിയുള്ള കൃത്യമായ വിവരം ഇപ്പോഴും കൈവശമില്ല. ഏകദേശം ഇരുന്നൂറോളം വരുമെന്നാണ് തോന്നുന്നത്. കേസുകളും പിൻവലിക്കണമെന്നുള്ളത് ഒരു നയമായി അംഗീകരിച്ചുകൊണ്ട് മുൻഗവൺമെന്റു എ. പി. പി. മാർക്കു നിർദ്ദേശം കൊടുത്തിരുന്നു. അങ്ങിനെ കേസുകളും പിൻവലിക്കാൻ മജിസ്ട്രേട്ടൻമാർ ഉത്തരവു നൽകുകയുണ്ടായി. അതിന് ഹൈക്കോടതിയിൽ അപ്പീൽ പോയപ്പോഴും ഹൈക്കോടതിയിൽനിന്നും വിധിയുണ്ടായി. കേസുകളും പിൻവലിക്കാനുള്ള അധികാരമില്ല, കേസുകളും തുടർന്നു നടത്തണമെന്ന്. ആ നിലയ്ക്കു കേസുകളും തുടർന്നു നടത്താതെ നിവൃത്തിയില്ല. അതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്താം. പാർലമെന്റു മെമ്പറൻമാർ പല അവസരങ്ങളിലും കേന്ദ്രഗവൺമെന്റിനോടു നിവേദനം നടത്തിയിട്ടുണ്ട്. മുൻ ഗവൺമെന്റും നിവേദനം നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് ഒന്നുകൂടി ചെയ്തു നോക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഹൈക്കോടതി വിധിയിമേൽ അപ്പീൽ കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഹൈക്കോടതി വിധിയിൻമേൽ അപ്പീൽ കൊടുക്കുന്നതിന് സുപ്രീംകോടതിയുടെ അനുവാദത്തിനു അപേക്ഷിച്ചു. എന്നാൽ ഹൈക്കോടതി ആ അനുവാദം നിഷേധിച്ചു. അതിൻമേൽ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കണ്ണൻ: ഒരു വർഷത്തിലധികം ജോലി ഇല്ലാതെ നിൽക്കുന്ന കേന്ദ്രഗവൺമെന്റു ജീവനക്കാരുടെ പേരിലുള്ളകേസുകളും പിൻവലിച്ച് അവരെ വീണ്ടും സർവ്വീസിൽ എടുക്കണമെന്ന് ഈ ഗവൺമെന്റു കേന്ദ്രഗവൺമെന്റിനോടു നിവേദനം നടത്തുമോ?

ശ്രീ. സി. അച്യുതമേനോൻ: തീർച്ചയായും അങ്ങിനെ നിവേദനം നടത്താം.

ശ്രീ. പി. എസ്. നമ്പൂതിരി: 1968 സെപ്റ്റംബർ 18-ാം തീയതി കേന്ദ്രഗവൺമെന്റു ജീവനക്കാർ നടത്തിയ സമരത്തോടനുബന്ധിച്ച് സമാധാനപരമായി പ്രകടനംനടത്തിയവരുടെ മേൽ നമ്മുടെ പോലീസു ലാത്തിച്ചാർജു നടത്തുകയുണ്ടായി. അതിൻമേൽ എന്തെങ്കിലും നടപടികളും ഗവൺമെന്റിൽ നിന്നും എടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അത് പ്രത്യേകമായി ചോദിക്കാതെ മറുപടി പറയാൻ നിവൃത്തിയില്ല.

റോഡുകളുടെ നിർമ്മാണം

* 99. (355) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സപ്ലിമെന്ററി ലിസ്റ്റിൽപ്പെടുത്തിയ റോഡുകളുടെനിർമ്മാണം എന്ന് ആരംഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ ഹാജി): (എ) സപ്ലിമെന്ററി ലിസ്റ്റിൽ വന്നിട്ടുള്ള പണി ആരംഭിക്കുന്ന കാര്യം പണത്തിന്റെ ലഭ്യതയെ ആശ്രയിച്ചിരിക്കും.

(ബി) ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. സി. എം. കുട്ടി: ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ ഞാൻ നിവേദനം നടത്തിയിട്ടുള്ള ഏതാനും റോഡുകൾ സപ്ലിമെന്ററി ലിസ്റ്റിൽ പ്പെടുത്തിയിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങിനെയുള്ള റോഡുകൾക്ക് സാംഗ്ഷൻകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇതുവരെ എത്ര റോഡുകൾക്ക് സാംഗ്ഷൻ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇപ്പോൾ പറയാൻ നിവൃത്തി യില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: നിവേദനം നടത്തുന്ന റോഡുകൾ എല്ലാം സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സപ്ലിമെന്ററി ലിസ്റ്റിൽ വന്നിട്ടുള്ള റോഡുകൾ 1967-ൽ തയ്യാറാക്കിയതനുസരിച്ചുള്ളതാകുന്നു. അല്ലാതെ ഇപ്പോൾ നിവേദനം നടത്തുന്നതെല്ലാം സപ്ലിമെന്ററി ലിസ്റ്റിൽ വരികയില്ല.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: വളരെ പ്രധാനപ്പെട്ട റോഡുകൾക്ക് കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ബഡ്ജറ്റിൽ പണം നീക്കിവയ്ക്കുകയും സാംഗ്ഷൻ കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലാൻഡ് അകൂസിസി ഷന്റെ പേരിൽ ആ പണം ചെലവാക്കാനോ റോഡുകൾ നിർമ്മിക്കാനോ സാധി ക്കാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതിൻമേൽ ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ലാൻഡ് അകൂസിസിഷനിൽ വന്നിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും അതു പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റിൽനിന്നും എടുത്തിട്ടുണ്ട്.

ശ്രീ. ഇ. ജോൺ ജേക്കബ്: 1963-ൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചി രുന്ന പല വർക്കുകളും ചൈനീസ് ആക്രമണം മൂലം ഉണ്ടായ എമർജൻസി മൂലം ബഡ്ജറ്റിൽനിന്നും നീക്കം ചെയ്യുകയും, പിന്നീട് ആ വർക്കുകളൊന്നും തന്നെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ യുള്ള റോഡുകൾക്ക് മുൻഗണന കൊടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ആ വക വർക്കുകൾക്കുതന്നെ യാണ് ഇതുവരെയും മുൻഗണന കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: സപ്ലിമെന്ററി ലിസ്റ്റിൽപ്പെട്ടിട്ടുള്ള പല റോഡുകളും മുമ്പു പഞ്ചായത്തിന്റെ കീഴിലായിരുന്നത് പി. ഡബ്ളിയു. ഡി. ഏറ്റെടുത്തിട്ടുണ്ട്. അങ്ങനെയുള്ള റോഡുകൾ ഇപ്പോൾ പഞ്ചായത്തിലു മല്ല, പി. ഡബ്ളിയു. ഡി. യുടെ കീഴിലുമല്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അത്തരം റോഡുകൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് പണി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സപ്ലിമെൻററി ലിസ്റ്റിൽ പ്പെടുത്തിയിട്ടുള്ള റോഡുകളും പഞ്ചായത്തുകളുടെ കീഴിലല്ല, പി. ഡബ്ളിയു. ഡി. യുടെ കീഴിലാണ്. അത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയെ ആശ്രയിച്ചിരിക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഫാമിൻ റിലീഫ് ഫണ്ടനുസരിച്ച് വർക്കു നടത്തേണ്ട റോഡുകളും ഒന്നുംതന്നെ പൂർത്തീകരിക്കുന്നില്ല. ഉദാഹരണത്തിന് സുൽത്താൻബത്തേരിറോഡു അത്തരത്തിലുള്ള ഒരു റോഡാണ്. ഇതുവരെയായിട്ടും ആ റോഡിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. ആ റോഡു പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും ഫണ്ട് ഡൈവർട്ടു ചെയ്യുന്നതിന് ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അത്തരം റോഡുകളുടെ പണി പി. ഡബ്ളിയു. ഡി. യാണു ചെയ്യുന്നത്.

ശ്രീ. കെ. ഐ. രാജൻ: കുമളി—ആലടി റോഡിന്റെ പണി തുടങ്ങുകയും അത് ഏതാനും മൈൽ ദൂരം വെട്ടുകയും ചെയ്തു. മലയാളം പ്ലാന്റേഷന്റെ അവിടെ എത്തിയപ്പോൾ പിന്നീടു വെട്ടുന്നതിന് സമ്മതിക്കാതിരിക്കുകയാണ്. മലയാളം പ്ലാന്റേഷൻ വിദേശകമ്പനിയുടെ കൈയിലിരിക്കുകയാണ്. ആ കമ്പനിയും സർക്കാരും തമ്മിൽ ഒരു തർക്കം ഉണ്ടായതിന്റെ ഫലമായിട്ട് ആ റോഡിന്റെ പണി തുടർന്നു നടത്തുന്നതിന് സാധിക്കാതിരിക്കുകയാണ്. അതു പരിഹരിച്ച് റോഡിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പ്രത്യേകമായി അറിയിച്ചാൽ അതിനെപ്പറ്റി നടപടികൾ എടുക്കാം.

ശ്രീ. പി. ഗംഗാധരൻ: തൃപ്പൂണിത്തുറയിൽക്കൂടി പോകുന്ന നാഷണൽ ഹൈവേയുടെ സർവ്വെ എത്രത്തോളം പൂർത്തിയായി? ഈ വരുന്ന ബഡ്ജറ്റിൽ അതുൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതിപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: കഴിഞ്ഞ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ചില റോഡുകളുടെ പണികൾ ഇനിയും നടത്തിയിട്ടില്ല. അങ്ങനെയുള്ള റോഡുകളുടെ പണികൾ ആരംഭിക്കുന്നതിന് ഈ ബഡ്ജറ്റിൽ പണം ഉൾക്കൊള്ളിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അത്തരം റോഡുകൾക്കു മുൻഗണനകൊടുക്കണമെന്നാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. സി. എം. കുട്ടി: സപ്ലിമെൻററി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സാധാരണയായി സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണ്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ലോക്കൽ ഇംപോർട്ടൻസ് എന്ന മാനദണ്ഡമാണ് സ്വീകരിക്കുന്നത്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: റൂറൽ മാൻപവർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പണി വരുന്ന കൊല്ലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: റൂറൽ മാൻപൗവ്വർ സ്കീമിലുള്ള റോഡുകളും പി. ഡബ്ളിയു. ഡി. യാണ് നടത്തുന്നത്.

ശ്രീ. ടി. എം. മീതിയൻ: 1967—ൽ ഉൾക്കൊള്ളിച്ചിരുന്ന വില്ലേജ് റോഡുകളുടെ പണി നടത്തേണ്ടതില്ലെന്ന് ഗവൺമെന്റു ഒരു ജനറൽ ഓർഡർ ഇഷ്യൂ ചെയ്തിരിക്കുകയാണ്. അതുകാരണം ബഡ്ജറ്റിൽ തുക ഉണ്ടായിരുന്നിട്ടും ആ റോഡുകളുടെ പണി നടത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഗവൺമെന്റിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ആ ഓർഡർ പിൻവലിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ബഡ്ജറ്റിൽ ഉള്ള വർക്കുകളും മുഴുവൻ ഏറെറടുക്കാനുള്ള തുക ഇല്ലാത്തതുകൊണ്ടാണ് ഗവൺമെന്റിൽനിന്നും ആ ഓർഡർ പുറപ്പെടുവിക്കാൻ ഇടയായത്.

ശ്രീ. പി. പി. ജോർജ്: ഇപ്പോഴത്തെ റോഡുകളുടെ പണിക്കുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്കു പുറമേ കൂടുതലായി എത്ര രൂപയാണ് ചീഫ് ഇൻജിനിയർ അതിനുവേണ്ടി ആവശ്യപ്പെട്ടത്? അതിൽ എത്ര രൂപ അനുവദിച്ചു എന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇപ്പോഴത്തെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: തോട്ടപ്പള്ളി—പുറക്കാടു റോഡു എതു സമയത്തും കടലാക്രമണത്തിന് വിധേയമാകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നതുകൊണ്ട് അതു പരിഹരിക്കുന്നതിന് ഏകപോംവഴിയായതും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുമായ കരുവാറ—തകഴി റോഡിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പരിശോധിക്കാം.

പട്ടികജാതിക്കാർ

* 100 (356) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, മുസ്തഫാ കെമാൽ
,, വി. ശ്രീധരൻ
,, ഇ. ബാലാനന്ദൻ
,, ടി. എം. മീതിയൻ
,, എ. വി. ആര്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ കേരളത്തിൽനിന്നും കുറെ സമുദായക്കാരെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് നടപടികളും എടുത്തുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly